# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം :- ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - സ്റ്റോർ സൂപ്രണ്ട് തസ്തി കയിലേക്ക് സ്ഥാനകയറ്റം/സീനിയർ ക്ലാർക്കുമാരുടെ സ്ഥലം മാറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

ഉത്തരവ് നം. ഇ1.503/2017/ഡി.സി തിരുവനന്തപുരം - 695 035 തീയതി:30/08/2017

പരാമർശം : 24/05/1999 ലെ സർക്കാർ ഉത്തരവ് ജിഒ (പി) നം.12/99/ഉഭപവ

## ഉത്തരവ്

ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സ്റ്റോർ സൂപ്രണ്ടായ ശ്രീ.കരീം.എസ്.എ 31/07/2017 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പ്രസ്തുത കാര്യാലയത്തിലെ സ്റ്റോർ സൂപ്രണ്ട് തസ്തിക യിൽ 01/08/2017 മുതൽ ഒരു ഒഴിവുണ്ടായിട്ടുണ്ട്.

സീനിയർ ക്ലാർക്കുമാരുടെ നിലവിലുള്ള അന്തിമ സീനിയോരിറ്റി പട്ടിക പ്രകാരം സീനിയർ ക്ലാർക്കുമാരിൽ ഏറ്റവും സീനിയർ ശ്രീ.സനൽ കുമാർ.ജെ ആണ്. എന്നാൽ ടിയാൻ കേരള സർവ്വീസ് റൂൾസ് അപ്പെൻഡിക്സ് 12എ പ്രകാരം 5 വർഷത്തെ ശൂന്യവേ തനാവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. ആയതിനാൽ സീനിയർ ക്ലാർക്കുമാരുടെ നില വിലുള്ള അന്തിമ സീനിയോരിറ്റി പട്ടിക പ്രകാരം അടുത്ത സീനിയറും ഇപ്പോൾ കാസറ ഗോഡ് ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായി സേവനമനു ഷ്ഠിക്കുന്ന ശ്രീ.മുരുകേശൻ.എസ് -നെ സ്റ്റോർ സൂപ്രണ്ടായി സ്ഥാനകയറ്റം നൽകി തിരു വനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.മുരുകേശൻ.എസ് -നെ സ്റ്റോർ സൂപ്രണ്ടായി സ്ഥാനകയറ്റം നൽകിയതിനെ തുടർന്ന് കാസറഗോഡ് ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഉണ്ടാകുന്ന ക്ലാർക്കിന്റെ ഒഴിവിലേക്ക് കണ്ണൂർ അസ്സി.ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.കവിത.എം -നെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.കവിത.എം -നെ സ്ഥലം മാറ്റിയതിനെ തുടർന്ന് കണ്ണൂർ അസ്സി.ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ഉണ്ടാകുന്ന ക്ലാർക്കിന്റെ ഒഴിവിലേക്ക് കോഴിക്കോട് അസ്സി.ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ഷിംജിത. റ്റി.പി - യെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.ഷിംജിത.റ്റി.പി - യെ സ്ഥലം മാറ്റിയതിനെ തുടർന്ന് കോഴിക്കോട് അസ്സി.ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ഉണ്ടാകുന്ന ക്ലാർക്കിന്റെ ഒഴിവിലേക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ള മല പ്പുറം ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ക്ലാർക്ക് ശ്രീ.നസീ ഹ്.വി - യെ പരാമർശ ഉത്തരവിലെ 28, 29 ഖണ്ഡികയിലെ നിബന്ധകൾക്ക് വിധേയമായി സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു. ശ്രീ.നസീഹ്.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി ഓപ്റ്റ് ചെയ്തിട്ടുള്ളത് കോഴിക്കോട് ജില്ലയാണ്.

ശ്രീ.മുരുകേശൻ.എസ് - ന്റെ 2 വർഷ സേവന കാലയളവിലെ ഒരു വർഷത്തെ യഥാർത്ഥ ഡ്യൂട്ടി കാലയളവ് നീരിക്ഷണ കാലമായിരിക്കും. ഈ ഉത്തരവ് കൈപറ്റുന്ന മുറക്ക് ശ്രീ.മുരുകേശൻ.എസ് - നെ പകരകാരില്ലാതെ വിടുതൽ ചെയ്യേണ്ടതാണ്.

ജീവനക്കാരെ ജോലിയിൽ നിന്നും വിടുതൽ ചെയ്തതും അവർ സ്ഥലംമാറ്റം ചെയ്യപ്പെട്ട കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതുമായ വിവരം, അതാത് ഓഫീസ് മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ഒപ്പ്/-
രവി.എസ്.മേനോൻ
ഡ്രഗ്സ് കൺട്രോളറുടെ ചുമതലയുള്ള
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ

1. ശ്രീ.മുരുകേശൻ.എസ്,
   സീനിയർ ക്ലാർക്ക്,
   ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, കാസറഗോഡ്

2. ശ്രീമതി.കവിത.എം
   സീനിയർ ക്ലാർക്ക്,
   അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കണ്ണൂർ

3. ശ്രീ.നസീഹ്.വി
   ക്ലാർക്ക്,
   ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, മലപ്പുറം

4. ശ്രീമതി.ഷിംജിത.റ്റി.പി
   സീനിയർ ക്ലാർക്ക്,
   അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കോഴിക്കോട്

പകർപ്പ്:-

1. ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം.
2. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ - I&II
3. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, കോഴിക്കോട്/കണ്ണൂർ
4. ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, കാസറഗോഡ്/ മലപ്പുറം
5. സീനിയർ സൂപ്രണ്ട് - I&II
6. സ്റ്റോക്ക് ഫയൽ.
7. ഓഫീസ് കോപ്പി
8. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം
സീനിയർ സൂപ്രണ്ട്